പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1940 — 25.03.2013-ൽ മറുപടിക്ക്.

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസ് സേനയെ നവീകരിക്കുന്നതിനും പൊതുജനങ്ങളോടുള്ള സമീപനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | : (എ) പ്ലാൻ പദ്ധതിയുടെ ഭാഗമായി 248 പോലീസ് സ്റ്റേഷനുകളിൽ നാലു ഘട്ടങ്ങളിലായി ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. 234 പോലീസ് സ്റ്റേഷനുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കുന്നതിനും, അവ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുമായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ വരും വർഷങ്ങളിൽ തുടരുന്നതിന് വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) ഉദ്യോഗസ്ഥർക്ക് പരിശീലനത്തിന്റെ ഭാഗമായി ബിഹേവിയർ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം എന്തെല്ലാം;<br><br>(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | : (ബി) & (സി)<br><br>പോലീസ് സേനയെ നവീകരിക്കുന്നതിനും പൊതുജനങ്ങളോടുള്ള സമീപനങ്ങളിൽ മാറ്റം വരുത്തുന്നതിനും വേണ്ടിയുള്ള പരിശീലന പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ട്രെയിനിംഗ് പോളിസിയും 2013-14 വർഷത്തെ പരിശീലന പരിപാടികളുടെ ഒരു ട്രെയിനിംഗ് കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കലണ്ടറിൽ ബിഹേവിയർ ട്രെയിനിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്ക് 'സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്' പല ബാച്ചുകളായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ